# പതിമൂന്നാം കേരളനിയമസഭ

## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2516** **19/12/2012 ൽ മറുപടിക്ക്**

**മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ വഴി വിതരണം ചെയ്യുന്ന മരുന്നുകൾ**

**ചോദ്യം** **മറുപടി**

**ശ്രീ. എം. എ. ബേബി**

**ശ്രീ. വി.എസ്. ശിവകുമാർ**
**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)**

---

| | | | |
|---|---|---|---|
| (എ) | മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മുഖാന്തിരം എത്ര ഇനം മരുന്നുകളാണ് വിതരണം ചെയ്തിരുന്നത്; | (എ) | വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു<br>2008-09 - 527 ഇനം<br>2009-10 - 509 ഇനം (495+ 14 X-ray items)<br>2010-11 - 529 ഇനം<br>2011-12 - 620 ഇനം |
| (ബി) | ഇപ്പോൾ എത്രയിനം മരുന്നുകളാണ് സൗജന്യമായി കോർപ്പറേഷൻ വഴി വിതരണം ചെയ്യുന്നതെന്ന് അറിയിക്കുമോ; | (ബി) | അവശ്യമരുന്നുകളുടെ പട്ടികയിൽ (ഇ.ഡി.എൽ) ഉൾപ്പെടെ 518 ഇനം മരുന്നുകളും, കാൻസർ രോഗ ചികിത്സയ്ക്കായുള്ള 107 ഇനം മരുന്നുകളും, 2012 നവംബർ ഒന്നാം തീയതി ഉത്ഘാടനം ചെയ്യപ്പെട്ട സൗജന്യ ജനറിക് മരുന്നവിതരണ പട്ടിക (ആർ.ഡി.എൽ) പ്രകാരം 314 ഇനം മരുന്നുകളും ഉൾപ്പെടെ ആകെ 939 ഇനം മരുന്നുകളാണ് നിലവിൽ കോർപ്പറേഷൻ മുഖേന വിതരണം ചെയ്തുവരുന്നത്. |
| (സി) | 2013 വരെ കോർപ്പറേഷന് ആവശ്യമായ മരുന്നുകൾ കെ.എസ്.ഡി.പി. വഴി വാങ്ങുന്നതിനും, കെ.എസ്.ഡി.പി.യ്ക്ക് നൽകുവാൻ കഴിയാത്തത് ടെണ്ടർ വഴി വാങ്ങുവാനുമുള്ള മുൻ സർക്കാരിന്റെ തീരുമാനം ഈ സർക്കാർ റദ്ദു ചെയ്തിട്ടുണ്ടോ; | (സി) | ഇല്ല |
| (ഡി) | ഇല്ലെങ്കിൽ പ്രസ്തുത വ്യവസ്ഥ നിലനിൽക്കെ ടെണ്ടർ ചെയ്യാതെ നെഗോഷിയേറ്റ് വ്യവസ്ഥയിൽ കുത്തക കമ്പനികളിൽ നിന്നും മരുന്നുവാങ്ങാൻ ഇടയായ സാഹചര്യം എന്താണ്; | (ഡി) | കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി പദ്ധതിക്കുവേണ്ടി മാത്രമാണ് നെഗോസിയേഷൻ വ്യവസ്ഥയിൽ മരുന്ന് വാങ്ങുന്നത്.<br>കെ.എസ്.ഡി.പി.യ്ക്ക് 2011-12 കാലയളവിൽ 53 ഇനം സുപ്രധാന |

| | | | |
|---|---|---|---|
| | | | മരുന്നുകളുടെ ടെൻഡർ ക്വാണ്ടിറ്റിയുടെ 65% സംവരണം ചെയ്തിട്ടുണ്ടായിരുന്നു. അതിൻ പ്രകാരം 39.66 കോടിയുടെ സപ്ലൈ ഓർഡറുകൾ നൽകിയെങ്കിലും യഥാസമയം സപ്ലൈ ചെയ്യാത്തതുമൂലം കഴിഞ്ഞ വർഷം (2011-2012) മരുന്നുകളുടെ അപര്യാപ്തത സംജാതമാകുകയും കോർപ്പറേഷന് മരുന്നുകൾ യഥാസമയം ആശുപത്രികൾക്ക് നൽകുവാൻ കഴിയാത്ത അവസ്ഥയുണ്ടാകുകയും ചെയ്തു. കെ.എസ്.ഡി.പി. നൽകിയ മരുന്നുകളിൽ 3 ഇനം മരുന്നുകൾക്ക് ഗുണനിലവാരമില്ല എന്ന് ഡ്രഗ് കൺട്രോളറുടെ ടെസ്റ്റിംഗ് ലാബിൽ തെളിഞ്ഞതിനാൽ ബ്ലാക്ക്‌ലിസ്റ്റിംഗ് നടപടികൾ ആരംഭിച്ചിട്ടുണ്ട്. കോർപ്പേഷന്റെ ടെണ്ടർ ചെയ്ത സ്പെസിഫിക്കേഷൻ പ്രകാരമുള്ള മറ്റു മരുന്നുകൾ സ്റ്റോക്ക് തീരുന്നതനു-സരിച്ച് കെ.എസ്.ഡി.പി.എൽ-ൽ നിന്നും വാങ്ങിവരുന്നു. |
| (ഇ) | നെഗോഷിയേറ്റ് വ്യവസ്ഥകൾ നടപ്പാക്കുന്നതിന് ചുമതലപ്പെടു-ത്തിയ ഉദ്യോഗസ്ഥർ ആരൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ഇ) | കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി പദ്ധതിക്കുവേണ്ടി മാത്രമാണ് നെഗോസിയേഷൻ വ്യവസ്ഥയിൽ മരുന്ന് വാങ്ങുന്നത്. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടറെയാണ് ചുമതലപ്പെടു ത്തിയിരിക്കുന്നത്. |
| (എഫ്) | നിലവിലുണ്ടായിരുന്ന പർച്ചേസസ് മാനേജരായി പ്രവർത്തിച്ചത് ആരായിരുന്നു; ഈ ഉദ്യോഗസ്ഥനെ തൽസ്ഥാനത്തുനിന്നും മാറ്റാനിടയാക്കിയ സാഹചര്യം എന്താണ്? | (എഫ്) | സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ കെ.ജെ.ജോൺ എന്ന ഉദ്യോഗസ്ഥനാണ് പർച്ചേസ് മാനേജരായി സേവനം അനുഷ്ഠിച്ചു വന്നത്. അദ്ദേഹത്തിന് ഉദ്യോഗ-ക്കയറ്റം ലഭിച്ചതിനെത്തുടർന്ന് ടിയാൻ മാതൃവകുപ്പിലേക്ക് തിരിച്ചു പോകുകയായിരുന്നു. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ